ഉത്തരം

(എ) 15.

(ബി) ലാഭമില്ല.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പാസഞ്ചർ ട്രെയിനുകളിൽ പുതിയ കമ്പാർട്ട്മെന്റുകൾ അനുവദിക്കാൻ നടപടി

77 [4955] ശ്രീ. വി. കെ. സി. മമ്മദ്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓടുന്ന പാസഞ്ചർ ട്രെയിനുകളിൽ ഭൂരിപക്ഷവും പഴയതും ശോചനീയവുമായ കമ്പാർട്ട്മെന്റുകളാണ് ഉള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ദുഃസ്ഥിതി റെയിൽവെ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി പുതിയ കമ്പാർട്ട്മെന്റുകൾ അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ;

(സി) ഇതിൻമേൽ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചെന്ന് പറയാമോ;

(ഡി) സംസ്ഥാന സർക്കാർ വിളിച്ചുചേർത്ത എം.പി.-മാരുടെ യോഗത്തിൽ ഈ കാര്യം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എം.പി.-മാരിൽ സമ്മർദ്ദം ചെലുത്തി ഈ ആവശ്യം അടിയന്തിരമായി നേടിയെടുക്കാൻ ശ്രമിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇക്കാര്യം റെയിൽവെയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇനിയും സമ്മർദ്ദം ചെലുത്തുന്നതാണ്. ശരാശരി 15 മുതൽ 20 വർഷം വരെയാണ് ഒരു റെയിൽവെ കോച്ചിന്റെ ആയുസ്സ് എന്നും സംസ്ഥാനത്ത് ഓടുന്ന കോച്ചുകളുടെ കാലപ്പഴക്കം ഈ കാലാവധിക്കുള്ളിൽ വരുന്നതാണെന്നും റെയിൽവെ അറിയിച്ചിട്ടുണ്ട്. എങ്കിലും ഇക്കാര്യത്തിൽ എന്തെങ്കിലും അപര്യാപ്തതകളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതാണെന്നും പഴയ കോച്ചുകൾ ഘട്ടംഘട്ടമായി ആവശ്യാനുസരണം മാറ്റിവരുന്നുണ്ടെന്നും റെയിൽവെ അറിയിച്ചിട്ടുണ്ട്.

(ഡി) ഇതൊരു പ്രത്യേക വിഷയമായി ചർച്ച ചെയ്തിട്ടില്ല.

(ഇ) അടുത്ത എം.പി.-മാരുടെ യോഗത്തിൽ ഇക്കാര്യം പ്രത്യേക വിഷയമായി ഉൾക്കൊള്ളിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly